പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1140 10/08/2017-ൽ മറുപടിക്ക്

## സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ ; എത്ര അദ്ധ്യാപക-അനദ്ധ്യാപകരാണ് സംരക്ഷിതരായി മാറിയിട്ടുള്ളത്;

(ബി) 2015-16 ൽ എത്രപേരാണ് തസ്തിക നിർണ്ണയത്തിൽ അധികമായി കണ്ടെത്തിയത്;

(സി) സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ഉണ്ട്. 2017-18 ലെ തസ്തികനിർണ്ണയത്തിനു ശേഷം 4060 ജീവനക്കാരാണ് തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകരായി മാറിയിട്ടുള്ളത്. ഇതിൽ 3954 പേർ അദ്ധ്യാപകരും 106 പേർ അനദ്ധ്യാപകരുമാണ്. 9, 10 ക്ലാസുകളിൽ 2017-18 വർഷം തസ്തിക നഷ്ടമായ അദ്ധ്യാപകരെ 1:40 അനുപാതത്തിൽ നിലനിർത്താൻ സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് മേൽപ്പറഞ്ഞ എണ്ണത്തിൽ കുറവ് വരുന്നതാണ്.

(ബി) 2015-16 ൽ 3737 ജീവനക്കാരായിരുന്നു തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകരായി മാറിയിട്ടുള്ളത്.

(സി) ഉണ്ട്. 15/7/2017 ന് പൂർത്തിയായ തസ്തിക നിർണ്ണയത്തിനു ശേഷം 3954 അദ്ധ്യാപകരും 106 അനദ്ധ്യാപകരും ഉൾപ്പടെ സംരക്ഷണത്തിന് അർഹത നേടിയ 4060 ജീവനക്കാർക്കും പുനർ വിന്യാസം നൽകി കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**